**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1850** **13.07.2011 ൽ മറുപടിക്ക്**

**വന്യമൃഗാക്രമണ ഭീഷണി നേരിടുന്നതിനുള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കോടിയേരി ബാലകൃഷ്ണൻ | | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| (എ) | വന്യമൃഗങ്ങളെ നേരിടാൻ സർക്കാർ എന്തെങ്കിലും പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. വന്യമൃഗങ്ങളെ നേരിടാനായി സർക്കാർ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. എന്നാൽ നാട്ടിലിറങ്ങി ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയുയർത്തുന്ന വന്യമൃഗങ്ങളെ നേരിടാൻ സർക്കാർ ചില പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചതെന്ന് വിശദാംശം വെളിപ്പെടുത്താമോ ; | (ബി) | താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു :-<br><br>1. ആന പ്രതിരോധ കിടങ്ങുകൾ കുഴിക്കുക.<br><br>2. സൗരോർജ്ജ കമ്പിവേലികളും വൈദ്യുത കമ്പിവേലികളും നിർമ്മിക്കുക<br><br>3) കയ്യാലകൾ നിർമ്മിക്കുക<br><br>4) എലിഫന്റ് സ്കെയറിംഗ് സ്ക്വാഡുകൾ രൂപീകരിക്കുക.<br><br>5) ആദിവാസി വാച്ചർമാരെ നിയോഗിച്ച് ആനകളെ തിരിച്ച് കാട്ടിലേക്ക് പിന്തിരിപ്പിക്കുക.<br><br>6) ചില്ലിപൗഡർ ക്രാക്കർ ടെക്നിക്കിലൂടെ ആനകളെ കാട്ടിലേക്ക് പിന്തിരിപ്പിക്കുക.<br><br>7) ആനകളുടെ സഞ്ചാരപഥം പുനഃസ്ഥാപിക്കുന്നതിന് ആനത്താര പദ്ധതിയിൻകീഴിൽ സ്വകാര്യ സ്ഥലം ഏറ്റെടുത്ത് ആനത്താരകൾ ഉണ്ടാക്കുക.<br><br>8) വന്യജീവി സങ്കേതങ്ങൾക്കുള്ളിലെ സെറ്റിൽമെന്റുകളിൽ താമസിക്കുന്നവരിൽ മറ്റിടങ്ങളിലേക്ക് മാറി താമസിക്കാൻ സന്നദ്ധരായവരെ മാറ്റി പാർപ്പിക്കുക |

9) കാടിറങ്ങി സ്ഥിരമായി കൃഷിനാശം ഉണ്ടാക്കുന്ന ആനകൾക്ക് റേഡിയോ കോളർ ഘടിപ്പിച്ച് അവയുടെ സഞ്ചാരം നിരീക്ഷിക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.

10) വനാതിർത്തിയിൽ ജൈവവേലി നിർമ്മിക്കുന്നതിനും വന്യജീവികൾക്ക് ഭക്ഷണവും ജലലഭ്യതയും ഉറപ്പുവരുത്തുന്നതിനും ആവശ്യമായ പദ്ധതികൾ രൂപീകരിക്കുന്നതിന് ഉദ്ദേശ്യമുണ്ട്.

11) കൃഷിനാശം വരുത്തുന്ന കാട്ടാനകളെ തിരികെ കാട്ടിലേക്ക് ഓടിക്കുവാൻ എല്ലാ സജ്ജീകരണങ്ങളോടും കൂടിയ റാപ്പിഡ് റെസ്പോൺസ് യൂണിറ്റുകൾ സ്ഥാപിക്കാനുള്ള ഒരു പദ്ധതി സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

12) വിളകൾ നശിപ്പിക്കുന്ന കാട്ടുപന്നികളെ വെടിവെച്ച് കൊല്ലുന്നതിന് വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകികൊണ്ട് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ട്. ഈ ഉത്തരവ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

| | | | |
|---|---|---|---|
| (സി) | കാടിറങ്ങി ജനങ്ങളെ ആക്രമിക്കുകയും, കൃഷി നശിപ്പിക്കുകയും ചെയ്യുന്ന വന്യമൃഗങ്ങളെ നേരിടുന്നതിനുള്ള പദ്ധതി എല്ലാ സ്ഥലങ്ങളിൽ എന്നു മുതൽ നടപ്പാക്കി തുടങ്ങുമെന്ന് വെളിപ്പെടുത്താമോ ? | (സി) | റാപ്പിഡ് റെസ്പോൺസ് യൂണിറ്റ് സ്ഥാപിക്കുന്നതും,കാട്ടുപന്നികളെ വെടിവെച്ച് കൊല്ലുന്നതും ഒഴികെയുള്ള പദ്ധതികൾ നിലവിൽ സംസ്ഥാനത്താകെ നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ.